# മധുരമുള്ള ഓറഞ്ച്

• നൗഷാദ് കെ. പൂളമണ്ണ

ഒരിക്കൽ ഹോജയുടെ തോട്ടത്തിൽ നിറയെ ഓറഞ്ചു വിളഞ്ഞു. തന്റെ തോട്ടത്തിലെ ഓറഞ്ചുകൾ മറ്റുള്ളവർക്കും പ്രയോജനപ്പെടുത്തണമെന്ന് ഹോജ തീരുമാനിച്ചു. അതിനായി വഴിവക്കിലെ ഓറഞ്ചുമരത്തിൽ ഹോജ ഒരു ബോർഡ് തൂക്കി.

"ആവശ്യമുള്ളവർക്ക് ഈ മരത്തിൽ നിന്ന് ഓറഞ്ചു പറിച്ചു തിന്നാം." പക്ഷേ ആരും ഓറഞ്ചു പറിച്ചു തിന്നാൻ ആഗ്രഹം കാണിച്ചില്ല. 'വിഷമുള്ള ഓറഞ്ചുകളായിരിക്കും' എന്ന് ചിലർ വാദിച്ചു. 'പുളിയുള്ളതും കേടായതുമായ ഓറഞ്ചുകളാകും ഈ മരത്തിലുള്ളത്.'

'വെറുതെ കൊടുക്കാമെന്ന് പറയുന്നതല്ലേ? എന്തെങ്കിലും കുഴപ്പമുണ്ടായിരിക്കും.' ജനം പലതും വിചാരിക്കുകയും പരസ്പരം പറയുകയും ചെയ്തു. അതിനാൽ ഓറഞ്ച് ആർക്കും വേണ്ട. ഇതു കണ്ടപ്പോൾ ഹോജ ബോർഡ് ഇങ്ങനെ മാറ്റിയെഴുതി. 'ഓറഞ്ച് ഒന്നിന് അഞ്ച് രൂപ!'

അതിനു ശേഷം ഓറഞ്ച് ധാരാളം വിറ്റുപോയി.

അഭിമാനമുള്ള മനുഷ്യർ ഒരു സാധനവും വെറുതെ സ്വീകരിക്കാൻ ഇഷ്ടപ്പെടുന്നില്ല എന്ന സത്യം അതോടെ ഹോജക്ക് ബോധ്യപ്പെട്ടു. അധ്വാനിച്ച് നേടുന്നതിനും പണം കൊടുത്ത് വാങ്ങുന്നതിനും മധുരവും വിലയും കൂടുമെന്നും മനസ്സിലായി.




▸▸ നിലമ്പൂർ തേക്കിൻ തോട്ടം വെച്ചു പിടിപ്പിച്ചത്– മലബാർ കലക്ടറായിരുന്ന എച്ച്. വി കനോലി